(ഡി) കൊച്ചിയിൽ 157 മെഗാവാട്ട് ശേഷിയുള്ള ബി.എസ്.ഇ.എസ്. പദ്ധതി നടപ്പിലാക്കിവരുന്നു.

വൈദ്യുതിബോർഡിൽ ലാഭകേന്ദ്രങ്ങൾ

75(978) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ലാഭകേന്ദ്രങ്ങൾ എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) ലാഭകേന്ദ്രങ്ങൾ നിലവിൽ വരുമ്പോൾ നിലവിലുള്ള തസ്തികകൾ കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഇതിന്റെ രൂപീകരണം സംബന്ധിച്ച ടാസ്ക് ഫോഴ്സുകൾ ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) ഓരോ ലാഭകേന്ദ്രത്തിന്റേയും കീഴിൽ നിലവിലുള്ള വൈദ്യുതി ബോർഡിന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളുകയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1-4-2000 മുതൽ ഘട്ടംഘട്ടമായി പ്രാബല്യത്തിൽ വരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഓരോ ലാഭകേന്ദ്രത്തിലും ആവശ്യമായ തസ്തികകൾ "വർക്ക് സ്റ്റഡി" നടത്തി വിശദമായി പരിശോധിച്ചശേഷം നിശ്ചയിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ടാസ്ക് ഫോഴ്സുകൾ നൽകിയിട്ടുള്ള റിപ്പോർട്ടുകൾ അപ്പക്സ് കമ്മിറ്റി വിശദമായി പഠിച്ച് വരുന്നതേയുള്ളു.

(ഡി) ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൽപ്പാദന മേഖലയ്ക്ക് വേണ്ടിയുള്ള ലാഭകേന്ദ്രത്തിന്റെ കീഴിലും പ്രസരണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രസരണ മേഖലയ്ക്ക് വേണ്ടിയുള്ള ലാഭ കേന്ദ്രത്തിന്റെ കീഴിലും, വിതരണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിതരണ മേഖലയ്ക്കുവേണ്ടിയുള്ള ലാഭകേന്ദ്രത്തിന്റെ കീഴിലും കൊണ്ടു വരുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രോഫിറ്റ് സെന്ററുകൾക്കാവശ്യമായ ധനലഭ്യത, പൊതുവായി ചെയ്യേണ്ട കാര്യങ്ങൾ ഇവയെല്ലാം "കോർപ്പേറേറ്റ് ഓഫീസ്"-ന്റെ കീഴിലാണ് വരുന്നത്.

കെ.എസ്.ഇ.ബി. ജീവനക്കാരുടെ പണിമുടക്ക്

76(979) ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ജെ. പൗലോസ്:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജനുവരി 24-ന് സംസ്ഥാന വൈദ്യുതി ബോർഡിലെ ജീവനക്കാർ പണിമുടക്കുകയുണ്ടായോ ;

(ബി) എങ്കിൽ പണിമുടക്കിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന വൈദ്യുതി ബോർഡിനെ മൂന്ന് ലാഭകേന്ദ്രങ്ങളായി വിഭജിക്കുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് ജീവനക്കാരുടെ സമീപനം എന്തെന്ന് വിലയിരുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പണിമുടക്കി.

(ബി) ഉത്തർപ്രദേശ് ഇലക്ട്രിസിറ്റി ബോർഡ് വിഭജിക്കാനും സ്വകാര്യ വൽക്കരിക്കാനുള്ള നടപടികളിൽ വിയോജിപ്പ് പ്രകടിപ്പിച്ചാണ് പണിമുടക്ക് നടത്തിയത്.

(സി) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കാര്യക്ഷമതയും, സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുത്തുന്നതിനായി ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീമേഖലകൾക്ക് പ്രത്യേകമായി ഓരോ ലാഭകേന്ദ്രങ്ങൾ ഉണ്ടാകുമെന്നാണ് ഊർജ്ജനയത്തിൽ വിഭാവന ചെയ്തിരിക്കുന്നത്. ഇത് ബോർഡിനെ വിഭജിക്കലല്ല. മറിച്ച് പ്രവർത്തനം പുനഃക്രമീകരിക്കാനാണ് ബോർഡിലെ ഉദ്യോഗസ്ഥരും, അംഗീകൃത സംഘടനകളും ഈ പ്രക്രിയയുമായി സഹകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ടാസ്ക് ഫോഴ്സുകളുടെ ചർച്ചകളിലും ഇവർ സജീവമായി പങ്കെടുത്തിട്ടുണ്ട്.

പള്ളം വൈദ്യുത ലൈൻ ഉപകരണ നിർമ്മാണ യൂണിറ്റ്

77(980) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലൈനുകൾക്കും മറ്റും വേണ്ട അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്ന പള്ളം ഉപകരണ നിർമ്മാണ യൂണിറ്റിൽ കെ.എസ്.ഇ.ബി. യുടെ കരാർ പ്രകാരം ഉൽപ്പാദിപ്പിച്ച ഉപകരണങ്ങൾ കെട്ടിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1998 ആഗസ്റ്റ് മുതൽ 1999 ജൂലായ് വരെ ബോർഡിന്റെ പ്രസരണ വിതരണ ശൃംഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എന്ത് വിലയ്ക്കാണ് പള്ളത്തെ യൂണിറ്റിൽ നിന്നും കേരളത്തിലെ എസ്.എസ്.ഐ. യൂണിറ്റുകളിൽ നിന്നും കേരളത്തിന് പുറത്തുള്ള എസ്.എസ്.ഐ. യൂണിറ്റുകളിൽ നിന്നും വാങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മിച്ച ഉപകരണങ്ങൾ മാറ്റണമെന്ന് പള്ളം ഉപകരണ നിർമ്മാണ യൂണിറ്റിൽ നിന്നും വൈദ്യുതി ബോർഡിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly